**വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. HARITHA V KUMAR)

വിഷയം: വനിതാ ശിശു വികസന വകുപ്പ് –ജീവനക്കാര്യം-ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:
1) വനിതാ ശിശുവികസന ഡയറക്ടറുടെ 13/10/2020 ലെ WCD/E8/6975/2020 നമ്പർ ഉത്തരവ്
2) വനിതാ ശിശുവികസന ഡയറക്ടറുടെ 10/02/2025 ലെ DWCD/3/2025/E7 നമ്പർ ഉത്തരവ്
3) വനിതാ ശിശുവികസന ഡയറക്ടറുടെ 01/02/2025 ലെ DWCD/86/2025/E1 നമ്പർ പരിപത്രം

**ഉത്തരവ് നം.DWCD/6/2025-E7 തീയതി: 21-02-2025**

വനിതാ-ശിശുവികസന വകുപ്പിൽ പരാമർശം (2) പ്രകാരം ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിന്ന് ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചത് മുഖേന ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ 2 ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്.

പരാമർശം (1) പ്രകാരമുള്ള സീനിയർ ക്ലർക്ക് തസ്തികയിലെ ജീവനക്കാരുടെ മുൻഗണനാ പട്ടികയിലെ ക്രമ നം. (66) വരെയുള്ള ഉദ്യോഗക്കയറ്റത്തിന് അർഹരായ ജീവനക്കാർക്ക് ഇതിനോടകം ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുണ്ട്. ഈ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുന്ന ചുവടെ പറയുന്ന ജീവനക്കാർക്ക് ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് അർഹതയുണ്ട്.

സീനിയോരിറ്റി നം. (67) ശ്രീമതി സരോജിനി വി എൻ

സീനിയോരിറ്റി നം. (68) ശ്രീമതി മഞ്ജുഷ എം

ഈ സാഹചര്യത്തിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിന് അർഹരായ മേൽ സൂചിപ്പിച്ചിട്ടുള്ള ജീവനക്കാർക്ക് KS&SSR ചട്ടം 28 A(1) പ്രകാരം **39300-83000** രൂപ ശമ്പള സ്കെയിലിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ചുവടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഹെഡ് അക്കൗണ്ടന്റ് : ഉദ്യോഗക്കയറ്റം**

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീമതി. സരോജിനി വി എൻ.<br>സീനിയർ ക്ലർക്ക്<br>ICDS കട്ടപ്പുറത്തി<br>പെൻ നം. 446311 | ഹെഡ് അക്കൗണ്ടന്റ്<br>ജില്ലാ വനിതാ ശിശുവികസന ഓഫീസ്, ആലപ്പുഴ |
| 2 | ശ്രീമതി. മഞ്ജുഷ എം.<br>സീനിയർ ക്ലർക്ക്<br>ICDS കോതമംഗലം<br>പെൻ നം. 437343 | ഹെഡ് അക്കൗണ്ടന്റ്<br>വനിതാ ശിശുവികസന ഡയറക്ടറേറ്റ് |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണയത്തിനും നിയമാനുസൃത പ്രവേശനകാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും. ജീവനക്കാരുടെ വിടുതൽ പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

വകുപ്പിലെ ജീവനക്കാരുടെ 2025 ലെ പൊതു സ്ഥലംമാറ്റത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് പരാമർശം (3) പ്രകാരം പരിപത്രം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ജീവനക്കാരെ നിയമിക്കുന്ന കാര്യാലയങ്ങൾ 2025 ലെ പൊതു സ്ഥലംമാറ്റത്തിൽ ഓപ്പൺവേക്കൻസിയായി കണക്കാക്കുന്നതും പൊതു സ്ഥലംമാറ്റം അനുവദിക്കുന്നതിന്റെ ഭാഗമായി ഒഴിവ് വരുന്ന കാര്യാലയങ്ങളിലേയ്ക്ക് ഇപ്പോൾ നിയമിക്കുന്നവരെ മാറ്റി നിയമിക്കുന്നതുമാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് : 1) ജില്ലാ വനിത ശിശു വികസന ഓഫീസർ, ആലപ്പുഴ

2) ശിശു വികസന പദ്ധതി ഓഫീസർ, ICDS കട്ടപ്പന/കോതമംഗലം

3) പ്രോഗ്രാം ഓഫീസർ, കോട്ടയം/എറണാകുളം

4) ഫയൽ/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Sunil

സൂപ്രണ്ട്